പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1613 **01-07-2026-ൽ മറുപടിയ്ക്ക്**

നെൽകൃഷി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) 2025-26 കാലയളവിൽ കുട്ടനാടൻ കാർഷിക മേഖലയിൽ എത്ര ക്വിന്റൽ നെല്ല് വിളവെടുത്തു;

മറുപടി: 2025-26 കാലയളവിൽ കുട്ടനാടൻ കാർഷിക മേഖലയിൽ CROP I സീസണിൽ 9543 കർഷകരിൽ നിന്നുമായി 274437.58 ക്വിന്റൽ (27443758 Kg) നെല്ലും CROP II സീസണിൽ 25929 കർഷകരിൽ നിന്നുമായി 1066382.15 ക്വിന്റൽ (106638215 Kg) നെല്ലും സംഭരിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര ക്വിൻറൽ സർക്കാർ ഏറ്റെടുത്തു;

മറുപടി: 2025-26 കാലയളവിൽ വിളവെടുത്ത നെല്ല് പൂർണ്ണമായും സപ്ലൈകോ സംഭരിച്ചിട്ടുള്ളതാണ്.

(സി) ഒരു ക്വിന്റൽ നെല്ലിന് നൽകിയ വിലയെത്ര; ഏറ്റെടുത്ത നെല്ലിന് ആകെ നൽകിയ വില എത്ര;

മറുപടി: ഒരു കിലോ നെല്ലിന് സർക്കാർ അനുവദിച്ച നിരക്ക് ₹30.12 പ്രകാരം കുട്ടനാടൻ കാർഷിക മേഖലയിൽ നിന്ന് സംഭരിച്ച നെല്ലിന്റെ ആകെ വില 403.85 കോടി രൂപയാണ്. ഇതിൽ 23.06.2026 വരെ 181.69 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക ബാങ്കുകൾ വഴി പി.ആർ.എസ്. വായ്പയായി കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഏറ്റെടുത്ത നെല്ലിന്റെ വിലയിൽ കൃഷിക്കാർക്ക് ഇനി നൽകാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

മറുപടി: കർഷകർക്ക് ഇനി നൽകാനുള്ള നെല്ലിന്റെ വില 222.16 കോടി രൂപയാണ്.

സെക്ഷൻ ഓഫീസർ